(ബി) ഡവലപ്മെന്റ് അതോറിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വികസന അതോറിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കഴിയുന്നതും ഫുൾടൈം ചെയർമാൻമാരെ നിയമിക്കുകയും മറ്റു ഉദ്യോഗസ്ഥൻമാരുടെ ഒഴിവുകൾ നികത്തുകയും ചെയ്തിട്ടുണ്ട്. വികസന അതോറിറ്റികൾ സമർപ്പിക്കുന്ന വിവിധ വികസന പദ്ധതികൾ അപ്പപ്പോൾ തന്നെ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തുടർന്നും വികസന അതോറിറ്റികളുടെ പദ്ധതികൾ പ്രാവർത്തികമാക്കാൻ സർക്കാർ അടിയന്തിര പ്രാധാന്യം നൽകുന്നതാണ്.

കിലയിലെ ഫാക്കൽറ്റി ഒഴിവുകൾ

134 [1610] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷനിൽ അദ്ധ്യാപക (ഫാക്കൽറ്റി) വിഭാഗത്തിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കിലയിൽ അസി. പ്രൊഫസർ (പഞ്ചായത്ത് രാജ്) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ ഈ ഒഴിവിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ഡി) ഇതുവരെ നടത്തിയിട്ടില്ലായെങ്കിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ എത്രയും വേഗം പൂർത്തിയാക്കുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ മൂന്ന് ഒഴിവുകളുണ്ട്.

(ബി) അപേക്ഷ ക്ഷണിച്ചിരുന്നു.

(സി) നിയമനം നടത്തിയിട്ടില്ല.

(ഡി) നിയമനം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly